## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 787** **09-08-2023 - ൽ മറുപടിയ്ക്ക്**

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണമേഖലയുടെ ഇടപെടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലം വരുന്നതിന് മുന്നോടിയായി പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണമേഖലയുടെ ഇടപെടൽ സാധ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുഖേന ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് 2023 ആഗസ്റ്റ് 19 മുതൽ ആഗസ്റ്റ് 28 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും, ജില്ലാ കൺസ്യൂമർ സഹകരണ സ്റ്റോറുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഫിഷർമാൻ സഹകരണ സംഘങ്ങൾ, പിന്നോക്ക മേഖലയിൽ പ്രവർത്തിക്കുന്ന എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾ, പ്രത്യേക വിപണന കേന്ദ്രങ്ങൾ എന്നിവയിലൂടെ വിൽപന നടത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിപണികൾ നടത്തുന്നതിന് 16 കോടി രൂപ മുൻകൂറായി കൺസ്യൂമർഫെഡിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഉത്സവ സീസണുകളിൽ പൊതുവിപണിയിൽ ഇടപെടൽ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് വകുപ്പ് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉത്സവ സീസണുകളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് അവശ്യ നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡിയോടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്താറുണ്ട്. അതിനായി ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ "ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന ശീർഷകത്തിൽ തുക വകയിരുത്താറുണ്ട്. 2023-'24 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ